**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 582** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് അപ്പക്സ് കോപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിലെ കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് അപ്പക്സ് കോപ്പറേറ്റീവ് സൊസൈറ്റി (സുരഭി)യുടെ കീഴിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും എത്ര ഷോറൂമുകളുണ്ടെന്നും അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നുമുള്ള വിശദാംശം നൽകാമോ; | (എ) | തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ സുരഭിയുടെ 4ഷോറൂമുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നു.കൂടാതെ മധുര,ബാംഗ്ലൂർ എന്നിവിടങ്ങളിൽ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നു. സുരഭിയുടെ കീഴിൽ നിലവിൽ ആറു സ്ഥിരം ജീവനക്കാർ ആണ് ഉള്ളത്. അതിൽ രണ്ടുപേർ ഹെഡ് ഓഫീസിലും ഒരാൾ വീതം സെൻട്രൽ ഗോഡൗൺ, എറണാകുളത്തെ മറൈൻ ഡ്രൈവ് ഷോറൂം എന്നിവിടങ്ങളിലും രണ്ടുപേർ തൃശ്ശൂർ ഷോറൂമിലും ജോലി ചെയ്യുന്നു. |
| (ബി) | സുരഭിയിൽ 2024 ജനുവരിക്ക് ശേഷം എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം നൽകിയിട്ടുണ്ടെന്നും വിശദമാക്കാ മോ; | (ബി) | സുരഭിയിൽ 2024 ജനുവരിക്ക് ശേഷം 5 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. സുരഭിയിലെ ജീവനക്കാർ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയ്ക്ക് കീഴിൽ വരുന്നതായതിനാൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനാണ് പെൻഷൻ അനുവദിച്ച് നൽകേണ്ടത്.<br><br>സുരഭി സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതു കാരണം 2017 ന് ശേഷം വിരമിച്ചവർക്കാർക്കും തന്നെ ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ തുടങ്ങിയവ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം സുരഭി ഷോറൂമിൽ നിന്നും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ വിരമിച്ച എസ്. ഹരിഹരൻ എന്ന ആളുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ആനുകൂല്യങ്ങളാണ് ടിയാന് നൽകാനുള്ളത്; | (സി) | ഇല്ല. സുരഭി സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതു കാരണം 2017 മുതൽ വിരമിച്ചവർക്കാർക്കും തന്നെ ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ തുടങ്ങിയവ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ഡി) | ടിയാൻ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് തിരുവനന്തപുരം നവ കേരള സദസ്സിൽ നൽകിയ പരാതി ഡോക്കറ്റ് നമ്പർ. ജി. 3230801912-ന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ടിയാന് ലഭിക്കേണ്ട | (ഡി) | തിരുവനന്തപുരം നവകേരള സദസ്സിൽ നൽകിയ പരാതിയിൽ സുരഭിയിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.11.2023- തീയതിയിലെ DIC /5131 /2023- HC-C2 നമ്പർ കത്ത് പ്രകാരം പരാതിക്കാരന് വ്യവസായ വാണിജ്യ |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. സുരഭിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ